(ബി) മൊബൈൽ ഫോൺ ഉപയോഗിച്ചുള്ള ക്രമക്കേടുകൾ ഏതെല്ലാം പരീക്ഷകളിൽ കണ്ടെത്തിയിട്ടുണ്ട് ;

(സി) ഇതു സംബന്ധിച്ച കേസുകളുടെ അന്വേഷണ പുരോഗതി വെളിപ്പെടുത്തുമോ ;

(ഡി) ഇത്തരം കൃത്രിമങ്ങളിലൂടെ നിയമനം നേടിക്കഴിഞ്ഞവർക്കെതിരെ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഇ) ഇത്തരം കൃത്രിമങ്ങളിലൂടെ തട്ടിപ്പു നടത്തിയതായി കണ്ടെത്തിയവരുടെ പേരുവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

വ്യാജനിയമനം സംബന്ധിച്ച് സ്വീകരിച്ച നടപടികൾ

56 (65) ശ്രീ. എം. ഉമ്മർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ വ്യാജ നിയമനം സംബന്ധിച്ച് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും ആർക്കെല്ലാം എതിരെ നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) വയനാട് സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം ഓഫീസുകളിൽ പരിശോധന നടത്തിയെന്നും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ ;

(ഡി) നിയമനത്തട്ടിപ്പ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പി.എസ്.സി.-യിൽ കഴിഞ്ഞ പത്തുവർഷംനടന്ന റിക്രൂട്ട്മെന്റ് പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ ; ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) കഴിഞ്ഞ പത്തുവർഷത്തിനകം സംസ്ഥാനത്ത് നടത്തിയ എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഒരു സമഗ്രമായ പരിശോധന നടത്തുവാൻ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനു കീഴിൽ ഒരു സ്പെഷ്യൽ സെൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ തസ്തികകൾ സൃഷ്ടിച്ച് നടപടിക്രമം പാലിച്ച് സെൽ പ്രവർത്തനം ആരംഭിക്കുവാൻ കാലതാമസം നേരിടുമെന്നതിനാൽ ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിലെ എ.ആർ. ഒന്നുമുതൽ പത്തുവരെയുള്ള സെക്ഷനുകളെ നിയമന പരിശോധന നടത്താൻ ചുമതലപ്പെടുത്തിയതിനെ തുടർന്ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇപ്പോൾ വയനാട്, കാസർകോട്, ഇടുക്കി ജില്ലകളിൽ റവന്യൂ വകുപ്പിൽ പരിശോധന നടത്തിവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly